# സഹ്യാദ്രി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ്

(മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടത്
MSCS/CR/175/2004)

**കത്തീദ്രൽ റോഡ്, കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല**

## സഹ്യാദ്രി ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം

സർ,

സൊസൈറ്റിയിൽ ............................-ാമാണ്ട് ........................ മാസം ............................ തീയതി ആരംഭിച്ച് ................................ ( ) രൂപാ വീതം .................................. പ്രതിമാസ തവണകളായി ........................... മാണ്ട് .................................. മാസം ............................................. തീയതി അവസാനിക്കുന്ന ................................ ( ) രൂപ നിക്ഷേപത്തുകയായുള്ള സഹ്യാദ്രി ഗ്രൂപ്പ് ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് സ്കീമിൽ എന്നെ അംഗമായി ചേർക്കണമെന്ന് അപേക്ഷിക്കുന്നു.

**നിക്ഷേപകന്റെ പേരും മറ്റു വിവരങ്ങളും**

പേര് ............................................................................................................................ അംഗനമ്പർ .............................................

വയസ്സ് .............................................. തൊഴിൽ ............................................. പ്രതിമാസ വരുമാനം .............................................

വീട്ടുപേര് ............................................................................................................ ഫോൺ നമ്പർ ..........................................

താമസസ്ഥലം ........................................................................................ പോസ്റ്റാഫീസ് ..................................................................

കര .................................... വില്ലേജ് .................................... താലൂക്ക് ............................................. ഡിസ്ട്രിക്റ്റ് ..........................

**അവകാശിയുടെ പേര്**

(18 വയസ്സിൽ കുറയുവാൻ പാടില്ല)

പേര് ........................................................................................ വയസ്സ് .......................................... ബന്ധം .............................................

നിക്ഷേപകന്റെ പേരും ഒപ്പും........................................................................................................................................

സാക്ഷികൾ 1. ..............................................................................................................................................

1. ..............................................................................................................................................

നിബന്ധനകൾ പൂർണ്ണമായി വായിച്ച് മനസ്സിലാക്കി. നിബന്ധനകൾക്ക് വിധേയമായി ഈ സ്കീമിൽ അംഗമായി ചേരുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. ആയതിൻപ്രകാരം ഈ അപേക്ഷയും നിബന്ധനകളുടെ രണ്ടു പ്രതികളും ഒപ്പിട്ട് ഒന്നാമത് തവണയുടെ തുകയായ .................................. രൂപയും സഹിതം സമർപ്പിക്കുന്നു.

സ്ഥലം : സ്കീമിൽ ചേരുന്ന അംഗത്തിന്റെ ഒപ്പ് :

തീയതി : പേര് :

---

**ഓഫീസ് ഉപയോഗത്തിന്**

..................................... രൂപായുടെ ............................................................................ മാസത്തെ സ്കീമിൽ ചേർത്തു.

അക്കൗണ്ട് നമ്പർ ................................................

ബുക്ക് പേജ് ..........................................................

സ്ഥലം : മാനേജിംഗ് ഡയറക്ടർ /ബ്രാഞ്ച് മാനേജർ

തീയതി :

# നിബന്ധനകൾ

1. ഈ പദ്ധതിയുടെ പേര് സഹ്യാദ്രി ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം എന്നാകുന്നു.
2. സൊസൈറ്റിയിലെ അംഗങ്ങൾക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.
3. സ്കീമിന്റെ കാലാവധി 25/30/40/50/60 മാസം ആയിരിക്കും. ആദ്യത്തെ തവണയിലെ നിക്ഷേപതുക സ്കീമിന്റെ കാലാവധി മുഴുവൻ അടച്ചാൽ ലഭിക്കാവുന്ന തുകയായിരിക്കും സ്കീമിന്റെ നിക്ഷേപതുക.
4. പദ്ധതി തുടങ്ങുന്ന ദിവസ(തീയതി)മായിരിക്കും നിക്ഷേപത്തിന്റെ തവണ തുക മാസം തോറും അടയ്ക്കേണ്ട തീയതിയായി കണക്കാക്കുക.
5. നിക്ഷേപതുക മാസംതോറും തവണതീയതിക്കു മുമ്പോ തവണതീയതി 2 മണിക്ക് മുമ്പോ സൊസൈറ്റിയിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. അതിനുശേഷം അടയ്ക്കുന്ന തുകയിൻമേൽ 18% (പതിനെട്ടു ശതമാനം)ത്തിൽ അധികരിക്കാതെ പലിശ ഈടാക്കുന്നതാണ്. നിക്ഷേപതുക രേഖപ്പെടുത്തിയ പാസ് ബുക്കും സൊസൈറ്റിയിൽനിന്നും ലഭിക്കുന്നതാണ്.
6. ഓരോ തവണദിവസവും, അന്ന് ശനിയാഴ്ചയോ സൊസൈറ്റി അവധിയോ ആണെങ്കിൽ അടുത്ത പ്രവൃത്തി ദിവസവും, പകൽ 3 മണിക്ക് ഓരോ ഗ്രൂപ്പിലെയും നിക്ഷേപകരുടെ യോഗം സൊസൈറ്റി ആഫീസിൽ ചേരുന്നതും, നിക്ഷേപത്തിലൂടെ സ്വരൂപിക്കുന്ന തുക വായ്പയായി നൽകുന്നതിന് ആവശ്യക്കാരനായ നിക്ഷേപകനെ തീരുമാനിക്കുന്നതുമാണ്. തവണ കുടിശിക ഉള്ളവർക്ക് വായ്പയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.
7. ഈ സ്കീമനുസരിച്ചുള്ള നിക്ഷേപത്തുകയിൽനിന്നും സൊസൈറ്റി പരമാവധി 5% വരെ കമ്മീഷൻ / സർചാർജ്ജ് ഈടാക്കുന്നതാണ്.
8. മേൽപറഞ്ഞ കമ്മീഷൻ / സർചാർജ്ജ് ഉൾപ്പെടെ മൊത്തം നിക്ഷേപത്തുകയുടെ 30% (മുപ്പത് ശതമാനം) വരെ കുറവ് ചെയ്ത് വായ്പ നൽകുന്നതിന് നിക്ഷേപകർക്ക് ആവശ്യപ്പെടാവുന്നതാണ്.
9. വായ്പയ്ക്ക് ആവശ്യക്കാരില്ലാതിരിക്കുകയോ 30% വരെ കുറവ് ചെയ്ത് വായ്പ ലഭിക്കുന്നതിന് ആവശ്യക്കാരായി പല നിക്ഷേപകരുണ്ടാവുകയോ ചെയ്താൽ ഏറ്റവും കൂടുതൽ കുറവ് ചെയ്ത് വായ്പ ലഭിക്കുന്നതിനുള്ള ആവശ്യക്കാരിൽനിന്നും നറുക്കെടുത്ത് വായ്പ അനുവദിക്കുന്നതാണ്.
10. ഇപ്രകാരം കുറവ് ചെയ്യുന്ന തുക സൊസൈറ്റി ഈടാക്കുന്ന 5% (അഞ്ചു ശതമാനം) കമ്മീഷൻ കുറച്ച് ആ ഗ്രൂപ്പിലെ നിക്ഷേപകർക്ക് തുല്യമായി നിക്ഷേപസഹായധനമായി അനുവദിക്കുന്നതുമാണ്.
11. വായ്പയ്ക്ക് ആവശ്യക്കാരായ നിക്ഷേപകർ നേരിട്ട് യോഗത്തിൽ പങ്കെടുക്കുകയോ യോഗത്തിനു മുൻപായി സൊസൈറ്റിയിൽ രേഖാമൂലം അപേക്ഷിക്കുകയോ ചെയ്യേണ്ടതാണ്.
12. സ്കീമിൽനിന്നും വായ്പ എടുക്കാത്ത ഒരംഗം തുടർച്ചയായി മൂന്നു തവണ കുടിശിക വരുത്തിയാൽ നിക്ഷേപകന് രേഖാമൂലം അറിയിപ്പ് നൽകിയശേഷം പകരം നിക്ഷേപകനെ സ്കീമിൽ ചേർക്കുന്നതിനും, സൊസൈറ്റി നേരിട്ട് നിക്ഷേപത്തുക തുടർന്ന് അടയ്ക്കുന്നതിനും നിക്ഷേപകന് കുടിശിക തവണകൾ അടച്ച് സ്കീമിൽ തുടരുന്നതിന് അനുവദിക്കുന്നതിനും സൊസൈറ്റിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
13. തവണകൾ കുടിശികയായ നിക്ഷേപകർക്ക്, അടച്ച തുക സ്കീമിന്റെ കാലാവധിക്കു ശേഷം പലിശയില്ലാതെ തിരികെ ലഭിക്കുന്നതും ഈ തുകയ്ക്ക് 10% (പത്ത് ശതമാനം) സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതുമാണ്.
14. സൊസൈറ്റിയുടെ ഡയറക്ടർബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി വായ്പ നൽകുന്നതിന് അനുവദിച്ച ശേഷം മാത്രമേ വായ്പതുക നിക്ഷേപകനു ലഭിക്കുകയുള്ളൂ. വായ്പ അനുവദിച്ച തുക തവണതീയതി മുതൽ 30 ദിവസത്തിനുശേഷം സൊസൈറ്റിയിൽനിന്ന് ലഭിക്കുന്നതാണ്. ഇതിലേക്കുള്ള അപേക്ഷ സൊസൈറ്റിയിൽനിന്നും ലഭിക്കുന്ന ഫോറത്തിൽ നൽകേണ്ടതാണ്. വായ്പ ലഭിക്കുന്നതിന് മതിയായ ജാമ്യം / ശമ്പളസർട്ടിഫിക്കറ്റ് / കരം അടച്ച രസീത്, ആധാരം എന്നിവയും സൊസൈറ്റി ആവശ്യപ്പെടുന്ന കടപ്പത്രങ്ങൾ, ഉടമ്പടി മുതലായവയും നൽകേണ്ടതാണ്.
15. വായ്പതുക ലഭിച്ചശേഷം 3 തവണകൾ കുടിശിക ആയാൽ വായ്പ തുക സൊസൈറ്റിയുടെ സ്വന്തം ഫണ്ടിൽനിന്നും അനുവദിച്ച വ്യക്തിഗത വായ്പയായി പരിഗണിച്ച് ആ നിരക്കിൽ പലിശ, പിഴപലിശ, മറ്റ് ചെലവുകൾ ഇവ ഈടാക്കുന്നതിന് ആർബിട്രേഷൻ നടപടികളോ, മറ്റ് നിയമ നടപടികളോ സൊസൈറ്റിയ്ക്ക് സ്വീകരിക്കാവുന്നതാണ്.
16. അപേക്ഷയും മതിയായ ഈടും മറ്റ് പ്രമാണങ്ങളും നൽകി വായ്പതുക തവണത്തീയതിമുതൽ 60 ദിവസത്തിനകം നിക്ഷേപകർ കൈപ്പറ്റേണ്ടതും അല്ലാത്തപക്ഷം അപേക്ഷകന്റെ പേരിൽ സേവിംഗ്സ് അക്കൗണ്ടിൽ ടി തുക നിക്ഷേപിക്കുന്നതുമാണ്.
17. ഈ സ്കീമിലെ നിക്ഷേപത്തിൽനിന്നും സൊസൈറ്റിയ്ക്ക് ഈടാക്കുവാനുള്ള മറ്റു തുകകൾ ഈടാക്കുന്നതിനും ഈ സ്കീമിൽനിന്നും വായ്പ നൽകിയ വകയിൽ ഈടാക്കുവാനുള്ള തുക നിക്ഷേപകന് സൊസൈറ്റിയിൽനിന്നും ലഭിക്കുവാനുള്ള മറ്റു തുകകളിൽനിന്നും ഈടാക്കുന്നതിനും സൊസൈറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
18. ഈ സ്കീം സംബന്ധിച്ച ഇടപാടുകളിൽ സൊസൈറ്റി ഡയറക്ടർ ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
19. സ്കീമിലെ നിക്ഷേപകർ ഈ നിബന്ധനകളും മേലിൽ ഏർപ്പെടുത്തുന്ന ഭേദഗതികളും അംഗീകരിച്ചതായി കണക്കാക്കുന്നതാണ്.
20. ഈ നിബന്ധനകൾ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 ന് വിധേയമായി ഭേദഗതി ചെയ്യുന്നതിന് സൊസൈറ്റി ഡയറക്ടർ ബോർഡിന്റെ എക്സിക്യുട്ടീവ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

സ്കീമിൽ ചേരുന്ന അംഗത്തിന്റെ ഒപ്പ് :

പേര് :